**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3399** **26-06-2024 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള പാർട്ടൈം നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള പാർട്ടൈം നിയമനങ്ങൾക്ക് ഉയർന്ന വിദ്യാഭ്യാസ യോഗ്യത തടസ്സമാണോ എന്ന് വിശദമാക്കാമോ; | (എ) | **എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള പാർട്ടൈം നിയമനങ്ങൾക്ക് ഉയർന്ന വിദ്യാഭ്യാസ യോഗ്യത തടസ്സമല്ല. പാർട്ട്ടൈം കണ്ടിജന്റ് സ്പെഷ്യൽ റൂളിൽ പരാമർശിക്കുന്ന കാറ്റഗറി 1 ൽ ഉൾപ്പെടുന്ന തസ്തികകൾക്ക് മൂന്നാം ഫാറം/ ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം എന്നും കാറ്റഗറി 2,3 വിഭാഗത്തിൽപ്പെടുന്ന തസ്തികകൾക്ക് നല്ല ശാരീരിക ക്ഷമതയുമാണ് യോഗ്യതയായി പാർട്ട് ടൈം കണ്ടിജന്റ് സ്പെഷ്യൽ റൂളിൽ പരാമർശിച്ചിട്ടുള്ളത്. ഉയർന്ന യോഗ്യതയുള്ളവരിൽ നിന്ന് സമ്മതപത്രം ലഭ്യമാക്കിയശേഷം അവരെ പാർട്ട് ടൈം ജോലികൾക്ക് പരിഗണിക്കുന്നതാണ്.** |
| (ബി) | ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരെ പാർട്ടൈം നിയമനങ്ങളിൽ പരിഗണിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ